**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് പ്രായോഗിക ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ കാരണം ഡ്രൈവിംഗ് ടെസ്റ്റ് നടക്കാത്തതിനാൽ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി നീട്ടി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | 17/06/2021 തീയതിയിലെ Ministry of Road Transport and Highways (MoRTH) ന്റെ നിർദ്ദേശം നമ്പർ RT-11036/35/2020-MVL പ്രകാരം മോട്ടോർ വാഹന നിയമം അനുസരിച്ച് നൽകുന്ന ഫിറ്റ്നസ്, പെർമിറ്റ്, ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ രേഖകളുടെ സാധുത 30/09/2021 വരെ നീട്ടിയിട്ടുണ്ട്. ആയതിൻ പ്രകാരം 01/02/2020 നും 30/09/2021 നും ഇടയിൽ കാലാവധി അവസാനിക്കുന്ന ലേണേഴ്സ് ലൈസൻസുകളുടെ സാധുതയും 30/09/2021 വരെ നീട്ടി നൽകിയിട്ടുണ്ട്. 16/07/2021-ലെ സ.ഉ(സാധ)249/2021/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ